പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം

നിയമസഭാ ചോദ്യം നമ്പർ: 2072 — 11.03.2020 ലെ മറുപടിയ്ക്ക്

## കാസർഗോഡ് സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം

ചോദ്യം — ഉത്തരം

ശ്രീ.എൻ.എ.നെല്ലിക്കുന്ന്

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | കാസർഗോഡ് സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | കാസർഗോഡ് സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ഇത് ലഭ്യമായതെന്ന് വ്യക്തമാക്കാമോ; | ഉണ്ട്. 24/05/2018 തീയതിയിലെ സ.ഉ.(സാധാ) നം. 4469/2018/ധന പ്രകാരം ഭരണാനുമതിയും 31/01/2019 ലെ സ.ഉ.(സാധാ) നം. 757/2019/ധന പ്രകാരം സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഇതിനുള്ള ഭരണാനുമതി തുക എത്രയാണെന്നും ടെൻഡർ ചെയ്തിട്ടുണ്ടെങ്കിൽ എപ്പോഴാണ് ടെൻഡർ ചെയ്തതെന്നും ടെൻഡർ കാലാവധി എത്രയാണെന്നും കരാറുകാരൻ ആരാണെന്നും വ്യക്തമാക്കാമോ? | കാസർഗോഡ് സബ് ട്രഷറി ഓഫീസ് കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി തുക 2,13,75,800/- രൂപ (രണ്ട് കോടി പതിമൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എണ്ണൂറ് രൂപ മാത്രം) ആണ്. 25/04/2019 നാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. 12 മാസമാണ് ടെണ്ടർ കാലാവധി. 1,53,27,120/- (ഒരു കോടി അൻപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഒരുനൂറ്റി ഇരുപത് രൂപ മാത്രം) രൂപയാണ് ടെണ്ടർ ചെയ്ത തുക. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി ട്രഷറി കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള നിർമ്മാണ നിർവ്വഹണ ഏജൻസിയായ "ഇൻകെൽ ലിമിറ്റഡ്" ആണ് കാസർഗോഡ് സബ് ട്രഷറി കെട്ടിട നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്.<br>ശ്രീ.എം.ജി.ശിവശങ്കരൻ, (Kidoor Maligamane, Ichilampady P.O, Kumbla (Via), Kasargod എന്ന വ്യക്തിക്കാണ് INKEL കരാർ നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**